Special Messenger,

**കേരള സർക്കാർ**

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,

**<u>സർക്കുലർ</u>**

നം.19/2015/ധന — തിരുവനന്തപുരം, 2015 ഫെബ്രുവരി 2 .

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, 2014-15 – ഭരണാനുമതി നൽകുന്നതിനുള്ള കാലപരിധി - സംബന്ധിച്ച്.

സൂചന :-
1. സ.ഉ(പി) നം. 332/12/ധന തീയതി 11.06.2012.
2. സ.ഉ(പി) നം. 337/12/ധന തീയതി 12.06.2012.
3. സ.ഉ(പി) നം. 419/12/ധന തീയതി 26.07.2012.
4. സർക്കുലർ നം. 32/2013/ധന തീയതി 26.03.2013.
5. സർക്കുലർ നം. 63/2014/ധന തീയതി 21.06.2014.

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ-മാർക്കും അവരുടെ നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ മേജർ വർക്കുകൾ ഏറ്റെടുക്കുന്നതിനായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന ഉത്തരവ് പ്രകാരം ഇതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയുണ്ടായി. 2012-13 വർഷത്തിൽ ആരംഭിച്ച പുതിയ പദ്ധതിയായതിനാൽ 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലാത്ത പല നിയോജക മണ്ഡലങ്ങൾക്കും തുക പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സൂചന (4), (5) പ്രകാരം കാലപരിധി ഇളവ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയിട്ട് രണ്ട് സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ, നടപ്പ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയ്ക്ക് 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നത് പ്രായോഗികമല്ല. കൂടാതെ കാലപരിധി ദീർഘിപ്പിച്ച് നൽകുന്നത്, ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുകയുടെ കണക്കുകളോ, പ്രവർത്തികളുടെ എണ്ണമോ കൃത്യമായി കണക്കാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2014-15 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തുന്നു.

2014-15 സാമ്പത്തിക വർഷം ഓരോ നിയോജക മണ്ഡലത്തിനും ആസ്തി വികസന ഫണ്ടിന്മേൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക്, 2015-16 വർഷത്തിൽ പ്രവൃത്തി നിർദ്ദേശങ്ങൾ പരിഗണിക്കുന്നതല്ല. 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങൾ 2015 മാർച്ച് 31-ന് മുമ്പായി ധനാനുമതിയ്ക്കായി ധനവകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

**രബീന്ദ്രകുമാർ അഗർവാൾ**
**സെക്രട്ടറി(ഫിനാൻസ് റിസോഴ്സസ്)**

1. എല്ലാ എംഎൽഎ മാർക്കും
2. എല്ലാ വകുപ്പ സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ തലവന്മാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. ധനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
12. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർ
13. ട്രഷറി ഡയറക്ടർ
14. നോഡൽ ഓഫീസർ www.finance.kerala.gov.in.
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**